പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം.320 | 17.10.2016 ൽ മറുപടി<br>നല്കേണ്ടത്. |

**ചൈനീസ് മുട്ട ഉയർത്തുന്ന ആരോഗ്യ ഭീഷണി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**,, മുഹമ്മദ് മുഹസിൻ പി.** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സാധാരണ കോഴിമുട്ടയിൽ നിന്ന് ഏതൊക്കെ തരത്തിലാണ് 'ചൈനീസ് മുട്ട' എന്ന പേരിലുള്ള വ്യാജ മുട്ടകൾ വ്യത്യാസപ്പെട്ടിരിക്കുന്നതെന്നും ജനങ്ങൾക്ക് ഇത് എങ്ങനെ തിരിച്ചറിയാൻ കഴിയുമെന്നും അറിയിക്കുമോ; | എ) | സംസ്ഥാനത്ത് സാധാരണ കോഴിമുട്ട എന്ന പേരിൽ വ്യാജ മുട്ടകൾ വിപണിയിൽ ലഭ്യമാണെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>എന്നാൽ ഇത് സംബന്ധിച്ച് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഈ വാർത്തയിൽ പറഞ്ഞിരിക്കുന്ന മുട്ട വ്യാജമല്ലെന്ന് തെളിഞ്ഞിട്ടുണ്ട്. വ്യാജ മുട്ടയെന്ന പരാതിയോടൊപ്പം ലഭ്യമാക്കിയിരുന്ന മുട്ടകൾ വിശദമായ പരിശോധനകൾക്കായി തൃശ്ശൂരിലെ കേരള വെറ്റിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ Centre For Excellence in Poultry Science ൽ പരിശോധിച്ചതിൽ ആയവ യഥാർത്ഥ കോഴിമുട്ടയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ബി) | കോഴിയുമായി ഒരു ബന്ധവും ഇല്ലാത്തതും കൃത്രിമമായി ഉല്പ്പാദിപ്പിക്കുന്നതുമായ ഇത്തരം വ്യാജമുട്ടകൾ ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്നത് കണക്കിലെടുത്ത് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ബി) | കോഴിയുമായി ഒരു ബന്ധവുമില്ലാതെ കൃത്രിമമായി വ്യാജമുട്ടകൾ ഉൽപ്പാദിപ്പിക്കുകയാണെങ്കിൽ അത് തികച്ചും ആരോഗ്യത്തിന് ഭീഷണി ഉയർത്തുമെന്നുള്ളതിന് സംശയമില്ല. ഇത്തരം പരാതികളുടെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുശേഷം ആവശ്യമുള്ളപക്ഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ